പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉണ്ട്.

(ബി) വൈകല്യം മുൻകൂർ കണ്ടുപിടിക്കുക, തടയുക, ഇടപെടുക, വൈകല്യബാധിതരുടെ വിദ്യാഭ്യാസം, തൊഴിൽ പുനരധിവാസം എന്നീ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) ഭരണതലത്തിൽ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് എന്ന പദ്ധതിയുടെ നടത്തിപ്പിലേക്കായി G.O.(Ms)No.46/2012/SWD തീയതി 30-7-2012 സർക്കാർ ഉത്തരവുപ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട നയപരമായ തീരുമാനങ്ങൾ എടുക്കുന്നത് ഈ കമ്മിറ്റിയാണ്. ടി പദ്ധതി നടത്തിപ്പിനും മേൽനോട്ടത്തിനുമായി സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ Implementation and Monitoring Committee രൂപീകരിച്ചിട്ടുണ്ട്. ഇവ കൂടാതെ ടി പദ്ധതിയുടെ നോഡൽ ഏജൻസിയായി കേരള സാമൂഹ്യ സുരക്ഷാ മിഷനെയും പ്രോജക്ട് ഡയറക്ടറായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പദ്ധതി നടത്തിപ്പിനായി നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ബയോഗ്യാസ് ഉൽപ്പാദനവും വിപണനവും

7 (*577) ശ്രീ. സി. കൃഷ്ണൻ :
പ്രൊഫ. സി. രവീന്ദ്ര നാഥ് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബയോഗ്യാസ് ഉല്പാദനത്തിന് സാദ്ധ്യതകൾ ഏറെയുണ്ടായിട്ടും അവ പരമാവധി പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ സംസ്ഥാനം ഏറെ പിന്നിലാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ബയോഗ്യാസ് ഉല്പാദനവും വിപണനവും വ്യാപകമാക്കാൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നതിനായി ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉറവിടങ്ങളിൽ തന്നെ മാലിന്യങ്ങൾ സംസ്കരിക്കാൻ കഴിയുന്ന സംവിധാനമെന്ന നിലയിൽ, ഇക്കാര്യത്തിന് കൂടുതൽ പ്രാധാന്യം നൽകാൻ തയ്യാറാകുമോ ;

(ഡി) ഈ രംഗത്ത് സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ നിർവ്വഹണ ഘട്ടത്തിൽ തന്നെ പരാജയപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പ്രോജക്ടുകളിൽ ബയോഗ്യാസ് പ്ലാന്റുകളും ഉൾപ്പെടുത്തിയിട്ടുള്ളതിനാലും സർക്കാർ ഇവയ്ക്ക് 75%-ത്തോളം സബ്സിഡി നൽകിവരുന്നതിനാലും ജനങ്ങൾ ഇത് പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ടെന്നാണ് സർക്കാർ കണ്ടെത്തിയിരിക്കുന്നത്.

(ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നിരവധി മാതൃകകളുടെ കൂട്ടത്തിൽ മാലിന്യ സംസ്കരണത്തിനു വേണ്ടി ബയോഗ്യാസ് പ്ലാന്റുകളും ഉൾപ്പെടുത്തി ചെറിയ കപ്പാസിറ്റിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഗാർഹിക സ്ഥാപന തലങ്ങളിൽ നടപ്പിലാക്കിവരുന്നുണ്ട്. ആയതിലേക്കായി വീടുകളിൽ സ്ഥാപിക്കുന്ന ബയോഗ്യാസ് പ്ലാന്റിന്റെ സൈസിഫിക്കേഷൻ ശേഷി, വലിപ്പം എന്നിവയ്ക്ക് അനുസരിച്ച് യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുകയും സബ്സിഡി നൽകിവരികയും ചെയ്തിട്ടുണ്ട്. പ്രതിദിനം കൂടുതൽ ജൈവ മാലിന്യം (2.15 കി.ഗ്രാം) ഉൽപ്പാദിപ്പിക്കുന്ന കുടുംബങ്ങൾക്കും ഗ്യാസ് ആവശ്യമുള്ളവർക്കും ബയോഗ്യാസ് പ്ലാന്റിൽനിന്നുണ്ടാകുന്ന സ്ലറി മാനേജ് ചെയ്യാൻ സ്ഥല സൗകര്യം ഉള്ളവർക്കുമാണ് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്നത്. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന വീട്ടുടമകൾക്ക് വസ്തു നികുതിയിൽ 10% വരെ ഇളവ് അനുവദിക്കുവാൻ നഗരസഭകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽതന്നെ സംസ്കരിക്കുവാൻ കഴിയുന്ന ഏറ്റവും ലളിതമായതും ചെലവുകുറഞ്ഞതുമായ രീതി കമ്പോസ്റ്റിംഗാണ്. എന്നാൽ മാലിന്യ സംസ്കരണത്തോടൊപ്പം ബയോഗ്യാസ് കൂടി ഉൽപ്പാദിക്കുവാൻ കഴിയുന്ന മാലിന്യ സംസ്കരണ സംവിധാനമെന്ന നിലയിൽ ജനങ്ങൾക്ക് ബയോഗ്യാസ് പ്ലാന്റിനും ഉറവിട മാലിന്യ സംസ്കരണ ഘടകത്തിലുൾപ്പെടുത്തി അനുമതി നൽകിവരുന്നുണ്ട്. കൂടുതൽ ജൈവ മാലിന്യം ഉണ്ടാകുന്ന കുടുംബങ്ങൾക്കും പാചകത്തിന് ഗ്യാസ് ആവശ്യമുള്ളവർക്കും പ്ലാന്റിൽ നിന്നുണ്ടാകുന്ന സ്ലറി മാനേജ് ചെയ്യാൻ സൗകര്യമുള്ളവർക്കുമാണ് ബയോഗ്യാസ് പ്ലാന്റുകൾ ഏറെ അഭികാമ്യമായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ സർക്കാർ സാമ്പത്തിക സഹായത്തോടുകൂടി വളരെ വിജയകരമായിതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിവരുന്നു.

കൃഷിഭവനുകൾ വഴി പച്ചത്തേങ്ങാ സംഭരണം

8 (*578) ശ്രീ. ജി. എസ്. ജയലാൽ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിഭവനുകൾ വഴി പച്ചത്തേങ്ങാ സംഭരണം ആരംഭിച്ചതെന്നുമുതലാണ് ; ആദ്യഘട്ടത്തിൽ തന്നെ ഈ പദ്ധതി പരാജയമായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വർഷം തേങ്ങയുടെ തറവിലയായി നിശ്ചയിച്ചത് എത്ര രൂപയായാണ് ;

(സി) ഈ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വിശദമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) 1-1-2013 മുതലാണ് സംസ്ഥാനത്ത് കൃഷിഭവനുകൾവഴി കേരഫെഡിന്റെ സഹകരണത്തോടെ പച്ചത്തേങ്ങ സംഭരണം ആരംഭിച്ചത്. ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട്, കർഷകരിൽനിന്നും നേരിട്ട് പച്ച നാളികേരം സംഭരണം നടത്തുന്നത്, കർഷകർക്ക് ഏറെ പ്രയോജനപ്രദമാണ്. ഈ പദ്ധതി പരാജയമായെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മറിച്ച് ഇത് വലിയ വിജയമാണെന്നാണ് കണ്ടിട്ടുള്ളത്.

(ബി) 24-4-2015 സ.ഉ.(എംഎസ്.) നമ്പർ 70/2015/കൃഷി പ്രകാരം മേയ് മാസം ഒന്നാം തീയതി മുതൽ പച്ചത്തേങ്ങ സംഭരണ വില കിലോഗ്രാമിന് 28 രൂപയായി ഉയർത്തുന്നതിന് കേരഫെഡിനെ ചുമതലപ്പെടുത്തുകയുണ്ടായി. ഒരു കിലോ പച്ച നാളികേരത്തിന് 25 രൂപ നൽകിയാണ് കേരഫെഡ് ഇപ്പോൾ സംഭരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly